# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5228** 15-11-2019 ൽ മറുപടിയ്ക്ക്

### അറബി, ഉറുദു ഭാഷകളുടെ പഠനവും ഗവേഷണവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ശ്രീ. കെ.ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| (എ) | ന്യൂനപക്ഷ സമുദായമായ മുസ്ലീംകൾ കൂടുതലായി ഉപയോഗിക്കുന്ന ഭാഷകൾ എന്ന നിലയിൽ അറബി, ഉറുദു ഭാഷകളുടെ പഠനവും ഗവേഷണവും സ്കൂൾ-കോളേജ് തലത്തിലും പൊതുമണ്ഡലത്തിലും പ്രോത്സാഹിപ്പിക്കുന്നതിന് ന്യൂനപക്ഷ ക്ഷേമവകുപ്പ് വിവിധ വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുമോ; | (എ) & (ബി) | അറബി, ഉറുദു ഭാഷകളുടെ പഠനവും ഗവേഷണവും സ്കൂൾ, കോളേജ് തലത്തിലും പൊതു മണ്ഡലത്തിലും പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചുവരുന്നില്ല. ആയതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. |
| (ബി) | ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എസ്.എസ്.എൽ.സി ക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പ് ക്യാഷ് അവാർഡ് നൽകുന്നുണ്ടോ; | | ഉറുദു ഭാഷ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എസ്.എസ്.എൽ.സി., +2 എന്നിവയ്ക്ക് എല്ലാ വിഷയങ്ങൾക്കും 'എ+' നേടുന്ന വിദ്യാർത്ഥികൾക്ക് 1000/- രൂപ ക്യാഷ് അവാർഡ് നൽകുന്നുണ്ട്. |
| (സി) | ഇത്തരത്തിൽ അറബി ഒന്നാം ഭാഷയായി പഠിച്ച് എസ്.എസ്.എൽ.സി ക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡ് നൽകുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ